(ബി) ദേശീയ-അന്തർദേശീയ അംഗീകാരങ്ങൾ ഉൾപ്പെടെ 10 പുരസ്കാരങ്ങൾ ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ 7 കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കി വരുന്നു. കുമരകം, തേക്കടി, കോവളം, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ എന്നിവിടങ്ങളിലാണ് പദ്ധതി നടപ്പാക്കി വരുന്നത്. ഇതിനു പുറമേ ഉത്തരവാദിത്ത ടൂറിസം വിപുലീകരണ പദ്ധതിയിൽ ഉൾപ്പെടെ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും "ദൈവത്തിന്റെ സ്വന്തം നാട്, ജനങ്ങളുടെ സ്വന്തം ടൂറിസം" പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട 7 കേന്ദ്രങ്ങളിലും ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## അതിരപ്പിള്ളി ടൂറിസം മേഖലയിൽ സൗകര്യങ്ങൾ

182 (5909) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ടൂറിസ്റ്റുകൾക്ക് അടിസ്ഥാനസൗകര്യങ്ങളായ ടോയ്‌ലറ്റ്, പാർക്കിംഗ് തുടങ്ങിയവ ഒരുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളി ടൂറിസം മേഖലയിൽ ഉൾപ്പെട്ട തുമ്പൂർമുഴിയിൽ ടൂറിസ്റ്റുകൾക്കായി എന്തെല്ലാം സൗകര്യങ്ങളും വികസന പ്രവർത്തനങ്ങളുമാണ് നടത്തുക എന്ന് അറിയിക്കാമോ?

### ഉത്തരം

(എ) അതിരപ്പിള്ളി ടൂറിസ്റ്റുകൾക്കായി ഒരു യാത്രി നിവാസ് നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതിയായിട്ടുണ്ട്. ഇക്കോ ഷോപ്പുകൾ ഹെൽപ്പ് ഡെസ്ക്, ഭക്ഷണശാല, കോൺഫറൻസ് ഹാൾ എന്നിവയടക്കമുള്ള സൗകര്യങ്ങൾ ഇതോടനുബന്ധിച്ച് ഉൾപ്പെടുത്തുന്നതാണ്. ഇതിനു പുറമെ ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ്, പബ്ലിക്ക് പാർക്ക്, വ്യൂ പോയിന്റ് എന്നീ സൗകര്യങ്ങളും ഏർപ്പെടുത്തുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) തുമ്പൂർമൂഴിയിൽ ടൂറിസ്റ്റുകൾക്കായി ചുവടെ പറയുന്ന വികസന പ്രവൃത്തികൾ ആണ് നടപ്പാക്കുന്നത്.

1. കുട്ടികളുടെ പാർക്കിന്റെ നവീകരണം
2. കർട്ടൻ ഫൗണ്ടൻ
3. ജനറേറ്റർ
4. ഫൂട്ട് ഓവർ ബ്രിഡ്ജ്
5. നടപ്പാതകൾ
6. ഇരിപ്പിടങ്ങൾ

**വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യവത്ക്കരണം**

183 (5910) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ബീച്ചിന്റെ സൗന്ദര്യ വൽക്കരണത്തിനുള്ള നടപടിക്കായി മണലൂർ എം.എൽ.എ നൽകിയിട്ടുള്ള കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

**ടൂറിസ്റ്റുകളെ ആകർഷിക്കാൻ പദ്ധതി**

184 (5911) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ.സി.ബാലകൃഷ്ണൻ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ നടത്തിപ്പുവഴി, വരുംവർഷങ്ങളിൽ സംസ്ഥാനത്തേക്ക് എത്ര ടൂറിസ്റ്റുകളെ ആകർഷിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly